കേരള സർക്കാർ

സംഗ്രഹം

വനിതാ-ശിശു വികസന വകുപ്പ്- ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ഫീഡിംഗ് പോഡ് എന്നിവ സജ്ജീകരിക്കുന്നതിനായി പുതുക്കിയ ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാ-ശിശു വികസന (ബി) വകുപ്പ്

**G.O.(Rt)286/2026/WCDD** **Dated,18/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52405 കാലാവധി : 31/03/2027

പരാമർശം:-
1. സ.ഉ.(സാധാ)നം. 94/2026/ഡബ്ല്യുസിഡിഡി തീയതി. 26/02/2026.
2. വനിതാ- ശിശു വികസന ഡയറക്ടറുടെ18.05.2026-ലെ DWCD/2199/2025-WEC7 നം. കത്ത്.
3. 24.07.2026-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

ഉത്തരവ്

മെറ്റേണിറ്റി ബെനഫിറ്റ് ആക്ട്, Kerala Maternity Benefit Amendment Rules, 2022-2 (1), (7) പ്രകാരം 50 ജീവനക്കാരോ അതിലധികമോ ഉള്ള എല്ലാ തൊഴിലിടങ്ങളിലും ജീവനക്കാരുടെ കുഞ്ഞുങ്ങളെ തൊഴിൽ സമയത്ത് പരിപാലിക്കുന്നതിനായി ക്രഷുകൾ ആരംഭിക്കണമെന്നും അത്തരത്തിൽ ആരംഭിക്കുന്ന ക്രഷുകളിൽ ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ് ഉണ്ടാകണമെന്നും അനുശാസിക്കുന്നുണ്ട്. കൂടുതൽ സ്ത്രീകളെ തൊഴിൽ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനും സ്ത്രീ സൗഹൃദ-സുരക്ഷിത തൊഴിലിടങ്ങൾ ഒരുക്കി നൽകേണ്ടത് അത്യാവശ്യമാണ്. മുലപ്പാൽ ലഭിക്കുക എന്നത് കുട്ടികളുടെ അവകാശം ആണ്. അത് ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഓഫീസ് സമുച്ചയങ്ങൾ കേന്ദ്രീകരിച്ച് Breast feeding space, feeding pod സജ്ജീകരിക്കേണ്ടതുണ്ട്. അത് വഴി ജീവനക്കാർക്കും കൂടാതെ വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്കും ഉപയോഗ പ്രദമാകുന്നതാണ്. ആദ്യ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ 7 ജില്ലകളിലെ കളക്ടറേറ്റുകളിൽ ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ഫീഡിംഗ് പോഡ് എന്നിവ

AS/WCD/26/52405

സജ്ജീകരിക്കാവുന്നതും പദ്ധതി വിലയിരുത്തി കൂടുതൽ ഇടങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതുമാണ്. ഒരു ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ ഫീഡിംഗ് പോഡ് സ്ഥാപിക്കുന്നതിന് ചുവടെ വിവരിക്കും വിധം ചെലവ് പ്രതീക്ഷിക്കുന്നതായി വനിതാ-ശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു.

| ക്രമ നം. | ഇനം | ബഡ്ജറ്റ് എസ്റ്റിമേറ്റ് |
|---|---|---|
| 1 | ഫീഡിംഗ് സ്പേസ് സജ്ജീകരണം | 75,000 |
| 2 | സോഫ സെറ്റ്(3 seater) | 35,000 |
| 3 | ഫ്രിഡ്ജ് ( Single door) | 15,000 |
| 4 | AC | 35,000 |
| 5 | ഫാൻ ( Pedestal) | 2,500 |
| 6 | Wooden Teapoy | 8,000 |
| 7 | Wooden Cradle | 12,000 |
| 8 | Washbasin, mirror,fittings etc | 10,000 |
| 9 | മറ്റ് ചെലവുകൾ | 7,500 |
| **Total** | | **2,00,000** |

മേൽ വിവരിച്ച ഇനങ്ങളിൽ പരാമർശിത തുക തികയാതെ വരുന്ന പക്ഷം മറ്റ് ഇനത്തിൽ നിന്നും ആവശ്യാനുസരണം അടങ്കൽ തുകയായ രണ്ട് ലക്ഷം രൂപ അധികരിക്കാതെ വിനിയോഗിക്കാവുന്നതാണെന്നും ഒരു യൂണിറ്റ് ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ഫീഡിംഗ് പോഡ് സജ്ജീകരിക്കുന്നതിനായി പരമാവധി 2,00,000/- രൂപ ചെലവ് കണക്കാക്കുന്നതായും അത്തരത്തിൽ ഉള്ള 7 യൂണിറ്റ് സജ്ജീകരിക്കുന്നതിനായി 14,00,000/- രൂപ ആവശ്യമായി വരുന്നതാണെന്നും ജില്ല കളക്ടർമാരുമായി ബന്ധപ്പെട്ട അനുയോജ്യമായ സ്ഥലം കണ്ടെത്തി ജില്ല വനിത ശിശു വികസന ഓഫീസർമാർ മുഖേന ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ്/ഫീഡിംഗ് പോഡ് സജ്ജമാക്കി ബന്ധപ്പെട്ട കളക്ടർമാർക്ക് കൈമാറുന്ന തരത്തിൽ പദ്ധതി നിർവഹണം നടത്താവുന്നതാണെന്നും വനിതാ-ശിശു വികസന ഡയറക്ടർ അറിയിച്ചിരിക്കുന്നു. മേൽ വിവരിക്കും വിധം സംസ്ഥാനത്തെ 7 ജില്ലകളിലെ കളക്ടറേറ്റുകളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്കും വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിൽ എത്തുന്ന പൊതു ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന തരത്തിൽ ബ്രസ്റ്റ് ഫീഡിംഗ് സ്പേസ്/ ഫീഡിംഗ് പോഡ് സജ്ജീകരിക്കുന്ന പദ്ധതിയ്ക്കായി പരാമർശം (1) പ്രകാരം ലഭ്യമാക്കിയ ഭരണാനുമതി ഉത്തരവ് പുതുക്കി നല്കണമെന്ന് വനിതാ-ശിശു വികസന ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 24.07.2026-ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ടി ശിപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ 7 ജില്ലകളിലെ കളക്ടറേറ്റുകളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്കും വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിൽ എത്തുന്ന പൊതു ജനങ്ങൾക്കും ഉപകാരപ്രദമാകുന്ന തരത്തിൽ ബ്രെസ്റ്റ് ഫീഡിംഗ് സ്പേസ് / ഫീഡിംഗ് പോഡ് സജ്ജീകരിക്കുന്നതിനായി

AS/WCD/26/52405

14,00,000/- രൂപ (പതിനാല് ലക്ഷം രൂപ മാത്രം) 2235-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നല്കി കൊണ്ടുള്ള പരാമർശം (1) പ്രകാരമുള്ള ഭരണാനുമതി ഉത്തരവ് പുതുക്കി നല്കി ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-03-00-0-P-V | 14,00,000 | AS/WCD/26/52405 | 2027-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ജില്ല കളക്ടറേറ്റിൽ ബ്രസ്റ്റ് ഫീഡിംഗ് സ്പേസ് ഫീഡിംഗ് പോഡ് എന്നിവ സജ്ജീകരിക്കുന്നത് പുതുക്കിയ ഭരണാനുമതി ഉത്തരവ് | 14,00,000 |
| ആകെ (പതിനാല് ലക്ഷം രൂപ) | | **14,00,000** |

AS/WCD/26/52405

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
വനിതാ-ശിശു വികസന(എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.21 02:10:21 +05:30